കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന

# ലൂമെൻ ഷോർട്ട് ഫിലിം മത്സരം

## നിബന്ധനകൾ

**വിഷയം:** *സുവിശേഷഭാഗ്യങ്ങൾ.* മത്തായിയുടെ സുവിശേഷം 5,3–12ലെ സുവിശേഷഭാഗ്യങ്ങളിലെ ഒരു ആശയം സമകാലികമായി അവതരിപ്പിക്കണം.

വിദ്വേഷം പരത്തുന്നതോ, വർഗീയതയെ പ്രോത്സാഹിപ്പിക്കുന്നതോ, ലൈംഗിക അതിപ്രസരമുള്ളതോ ആയ രംഗങ്ങൾ ഉണ്ടാകരുത്. സൃഷ്ടികൾ മൗലികമായിരിക്കണം. അതായത്, മറ്റു ചിത്രങ്ങളിൽനിന്ന് പകർത്തിയതോ, ഏതെങ്കിലും മത്സരത്തിലോ, സോഷ്യൽ മീഡിയയിലോ അവതരിപ്പിച്ചതോ ആയിരിക്കരുത്.

**പങ്കെടുക്കുന്നവർ:**

1) **പാരിഷ് കാറ്റഗറി:** ഇടവകയിൽനിന്ന് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ

2) **ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറി:** കോളേജുകൾ, സെമിനാരികൾ, തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനാധികാരിയുടെ സാക്ഷ്യപത്രത്തോടെ

**സമയദൈർഘ്യം:** ടൈറ്റിൽസും എൻഡ്ക്രെഡിറ്റും ഉൾപ്പെടെ 4–8 മിനിറ്റ്

**ഭാഷ:** മലയാളം, ഇംഗ്ലീഷ്

**എൻട്രി:** പങ്കെടുക്കുന്ന വിവരം സെപ്റ്റംബർ 15നു മുമ്പ് secretary@keralabiblesociety.com എന്ന മെയിലിൽ, അഥവാ നേരിട്ട് അറിയിക്കണം.

**സബ്മിഷൻ ഫോർമാറ്റ്**: HD നിലവാരത്തിൽ DVD ഫോർമാറ്റായി ഷോർട്ട് ഫിലിം സമർപ്പിക്കണം. കഥാസാരവും ഷോർട്ട്ഫിലിമിൽനിന്നുള്ള ഒരു രംഗത്തിന്റെ ഫോട്ടോയും രജിസ്ട്രേഷൻ ഫീസും എൻട്രിഫോമിനൊപ്പം ഉണ്ടായിരിക്കണം. മത്സരത്തിനു നല്കുന്ന എൻട്രികൾ തിരികെ നല്കുന്നതല്ല.

**മത്സരാർഥി:** നിർമാതാവിനെയാണ് മത്സരാർഥിയായി പരിഗണിക്കുന്നത്. മത്സരത്തിനു സമർപ്പിക്കുന്ന ഹ്രസ്വചിത്രം നിർമാതാവിന്റെ പേരിലായിരിക്കും രജിസ്റ്റർ ചെയ്യുന്നത്.

**അവസാന തീയതി:** കോപ്പികൾ ***2018 ഒക്ടോബർ 10***നോ അതിനുമുമ്പോ Secretary, KCBC Bible Commission, Pastoral Orientation Centre, Palarivattom, Cochin -682025 എന്ന വിലാസത്തിൽ രജിസ്റ്റർ പോസ്റ്റായോ, നേരിട്ടോ സമർപ്പിക്കണം. രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ് (ക്യാഷ് അഥവ KCBC Bible Commission എന്ന പേരിൽ DD).

**വിധി നിർണയം:** പ്രമേയം, അഭിനയം, സംവിധാനം, സാങ്കേതികത്വം, ആസ്വാദനനിലവാരം എന്നീ ഘടകങ്ങൾ വിധിനിർണയത്തിനു പരിഗണിക്കുന്നു. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

**അവാർഡുകൾ:** *മികച്ച ഷോർട്ട്ഫിലിം - സംവിധായകൻ - നടൻ - നടി* എന്നിങ്ങനെ അവാർഡുകൾ നല്കുന്നതായിരിക്കും. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി അവാർഡിനർഹമാകുന്ന ഷോർട്ട്ഫിലിമുകൾക്ക് യഥാക്രമം 25000, 15000, 10000 രൂപയും പ്രശസ്തിഫലകവും സർട്ടിഫിക്കറ്റും നല്കുന്നതാണ്. മത്സരത്തിലേക്ക് പ്രവേശനം നേടിയ എല്ലാ ടീമുകൾക്കും സർട്ടിഫിക്കറ്റും ട്രോഫിയും നല്കുന്നതാണ്.

**പ്രദർശനം:** ഷോർട്ട്ഫിലിം ഫെസ്റ്റ് ***2018 ഡിസംബർ*** മാസത്തിൽ നടത്തപ്പെടുന്നതായിരിക്കും. എൻട്രികൾ സമർപ്പിച്ച ടീംഅംഗങ്ങൾ ഫിലിം അവാർഡുചടങ്ങിൽ പങ്കെടുക്കേണ്ടതാണ്.

*For details*:

Secretary, KCBC Bible Commission, POC, Palarivattom, Cochin – 682025

Phone: 0484-2805897 (*Working days between 9 AM – 5 PM*)